"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്-ജീവനക്കാര്യം- 16.05.2023 തീയതിയിലെ സ.ഉ (സാധാ) നം.1151/2023/ആ.കു.വ പ്രകാരം വൈസ് പ്രിൻസിപ്പൽ തസ്തികയിൽ താത്കാലിക പ്രൊമോഷൻ നൽകിയതും ടി ഉത്തരവിന്റെ ഭേദഗതി ഉത്തരവായ 31.01.2024 തീയതിയിലെ സ.ഉ.(സാധാ) നം.230/2024/ആ.കു.വ ഉത്തരവിൽ ഒഴിവാക്കപ്പെട്ടതുമായ 5 നഴ്സിംഗ് ട്യൂട്ടർമാരെ റീട്രെഞ്ച് (retrench) ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി)വകുപ്പ്**

G.O.(Rt)No.330/2024/H&FWD തീയതി,തിരുവനന്തപുരം, 05-02-2024

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.118/2010/ആ.കു.വ തീയതി 18.03.2010.
2. സ.ഉ (കൈ)നം. 135/2022/ആ.കു.വ തീയതി 28.06.2022.
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. 629/2021, ഒ.എ നം 515/2022 നമ്പർ കേസുകളിലെ 16.12.2022 തീയതിയിലെ ഇടക്കാല വിധി.
4. സ.ഉ.(സാധാ) നം.1151/2023/ആ.കു.വ. തീയതി 16.05.2023.
5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ നം.1279/2023 കേസിലെ 20.12.2023-ലെ ഇടക്കാല വിധി.
6. സ.ഉ.(സാധാ) നം.230/2024/ആ.കു.വ തീയതി, 31-01-2024.
7. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02.02.2024 തീയതിയിലെ ഇ.ഇ.2/7187/2023/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ പരാമർശം (1), (2) വിശേഷാൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ, M.Sc നഴ്സിംഗ്, B.Sc നഴ്സിംഗ് യോഗ്യതയുള്ളവരെ രണ്ടായി തിരിച്ച് യോഗ്യത നേടിയ വർഷം കണക്കിലെടുത്ത് M.Sc നഴ്സിംഗ് യോഗ്യതയുള്ളവരെ ആദ്യവും B.Sc നഴ്സിംഗ് യോഗ്യതയുള്ളവരെ രണ്ടാമതും ആയി സെലക്ട് ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട് എന്ന ഡി.പി.സി യോഗത്തിലെ നിർദ്ദേശം ഉൾക്കൊണ്ട്, ടി നിർദ്ദേശം മാതൃകയാക്കി പരാമർശം (4) പ്രകാരം താൽകാലിക പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ പരാമർശം (5)-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല വിധിയുടെയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും KS&SSR ചട്ടം 31(a)(i) പ്രകാരമുള്ള താൽക്കാലിക പ്രൊമോഷൻ അനുവദിക്കുന്നതിന്, റെഗുലർ

പ്രൊമോഷൻ അനുവദിക്കുന്നതിന് അനുവർത്തിക്കുന്ന രീതിയിൽ ഒഴിവ് നിലവിൽ വന്ന തീയതി അടിസ്ഥാനമാക്കിയുള്ളതുപോലെ സങ്കീർണ്ണവും, സൂക്ഷ്മവുമായ പരിശോധന അനുവർത്തിക്കേണ്ടതില്ലാത്തതിനാലും ടി ചട്ട പ്രകാരമുള്ള ഒരു പ്രൊമോഷൻ മൂലം പ്രൊമോട്ടട് തസ്തികയിൽ പ്രത്യേകിച്ച് അവകാശത്തിന് അർഹതയില്ലാത്തതിനാൽ, ടി പ്രൊമോഷനുകൾ പിന്നീട് KS&SSR ചട്ടം 28(b)(i) ലെ വ്യവസ്ഥകൾ പാലിച്ച് സെലക്ട് ലിസ്റ്റ് തയ്യാറാക്കി റഗുലറൈസ് ചെയ്യുന്ന ഘട്ടത്തിൽ, ചട്ടപ്രകാരം പ്രൊമോഷനുള്ള അർഹത ശരിയായി നിർണ്ണയിച്ച് എന്തെങ്കിലും അപാകതകളുള്ള പക്ഷം ആവശ്യമുള്ള പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് തടസ്സമുണ്ടാകുന്നുമില്ല എന്നതിനാലും പരാമർശം (5) ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ യോഗ്യരായ ഫീഡർ കാറ്റഗറിയിലുള്ളവർക്ക് അവരുടെ കോമൺ സീനിയോറിറ്റി അടിസ്ഥാനമാക്കി KS&SSR ചട്ടം 31(a)(i) പ്രകാരം താൽക്കാലിക പ്രൊമോഷൻ അനുവദിച്ച് പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ടി അവസരത്തിൽ പരാമർശം (3) ഉത്തരവ് പ്രകാരം ആദ്യം വൈസ് പ്രിൻസിപ്പൽ തസ്തികയിൽ താത്കാലിക പ്രൊമോഷൻ നൽകിയതും ആയതിന്റെ ഭേദഗതി ഉത്തരവായ പരാമർശം (6) ഉത്തരവിൽ ഒഴിവാക്കപ്പെട്ടതുമായ 6 നഴ്സിംഗ് ട്യൂട്ടർമാർ ഉള്ളതായും ആയതിൽ വയനാട് പനമരം സർക്കാർ നഴ്സിംഗ് സ്കൂളിൽ വൈസ് പ്രിൻസിപ്പലായി താത്കാലികമായി നിയമിക്കപ്പെട്ട ശ്രീമതി ജ്ഞാനപ്രകാശം 16/05/2023-ൽ വിരമിച്ചതായും മറ്റുള്ള 5 പേരെ, അതായത് എറണാകുളം സർക്കാർ നഴ്സിംഗ് സ്കൂളിൽ വൈസ് പ്രിൻസിപ്പലായി താത്കാലികമായി നിയമിക്കപ്പെട്ട ശ്രീമതി ബിനുസദാനന്ദൻ, മലപ്പുറം മഞ്ചേരി സർക്കാർ നഴ്സിംഗ് സ്കൂളിൽ നിയമിക്കപ്പെട്ട ശ്രീമതി ജിജി ജോർജ്, ആലപ്പുഴ സർക്കാർ നഴ്സിംഗ് സ്കൂളിൽ നിയമിക്കപ്പെട്ട ശ്രീമതി ആശ നാരായണൻ, കൊല്ലം സർക്കാർ നഴ്സിംഗ് സ്കൂളിൽ നിയമിക്കപ്പെട്ട ശ്രീമതി ബെറ്റ്സി പോൾ, കൊല്ലം ആശ്രാമം SC/ST സർക്കാർ നഴ്സിംഗ് സ്കൂളിൽ നിയമിക്കപ്പെട്ട ശ്രീമതി ജയശ്രീ ജി എന്നിവരെ വൈസ് പ്രിൻസിപ്പൽ തസ്തികയുടെ നിയമന അധികാരി സർക്കാർ ആയതിനാൽ 32 (b) Part II KS&SSR പ്രകാരം സർക്കാരിന് മാത്രമേ തസ്തികയിലുള്ള ടി അധ്യാപകരെ retrench ചെയ്യാനാകൂ എന്നതിനാൽ മേൽ പരാമർശിച്ച 5 അധ്യാപകരെ വൈസ് പ്രിൻസിപ്പൽ തസ്സികയിൽ നിന്നും നഴ്സിംഗ് ട്യൂട്ടർ തസ്തികയിലേക്ക് retrench ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കണമെന്നും അപ്രകാരം സർക്കാർ retrench ചെയ്യുന്ന വൈസ് പ്രിൻസിപ്പൽമാർക്ക്, നഴ്സിങ് ട്യൂട്ടർ തസ്തികയുടെ നിയമനാധികാരി ആരോഗ്യവകുപ്പ് ഡയറക്ടർ ആയതിനാൽ, തിരികെ നഴ്സിംഗ് ട്യൂട്ടർ തസ്സികയിലേക്ക് നിയമനം നൽകുന്നതിന് അനുവാദം നൽകണമെന്നും പരാമർശം (7) പ്രകാരം അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശം (3) ഉത്തരവ് പ്രകാരം വൈസ് പ്രിൻസിപ്പൽ തസ്തികയിൽ പ്രൊമോട്ട് ചെയ്യപ്പെട്ട ശ്രീമതി ബിനുസദാനന്ദൻ, ശ്രീമതി ജിജി ജോർജ്, ശ്രീമതി ആശ നാരായണൻ, ശ്രീമതി ബെറ്റ്സി പോൾ, ശ്രീമതി ജയശ്രീ ജി എന്നിവരെ നഴ്സിംഗ് ട്യൂട്ടർ തസ്തികയിലേക്ക് റീട്രെഞ്ച് (retrench) ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാളുകൾക്ക് നഴ്സിംഗ് ട്യൂട്ടർ തസ്തികയിൽ നിയമനം നൽകാനുള്ള നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
JOINT SECRETARY

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട അധ്യാപകർക്ക്(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

579000/2024/EE DHS

I/151085/2024

<u>മേലെഴുത്ത് നം .DHS/7187/2023-EE2,തീയതി,05-02-2024</u>

G.O.(RT) no.330/2024/H&FWD,തീയതി ,05/02/2024 എന്ന സർക്കാർ ഉത്തരവ് ബന്ധപ്പെട്ട സർക്കാർജീവനക്കാരുടേയും ,ജില്ലാമെഡിക്കൽ ഓഫീസർമാരുടേയും ,സ്ഥാപനമേധാവി കളുടേയും അറിവിലേക്കും തുടർ നടപടികൾക്കുമായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നു.

**Signed by Shaima M S**
**Date: 05-02-2024 16:05:53**
**Reason: Approved**

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി